(എഫ്)കൂടുതൽ സോഫ്റ്റ് വെയർ കമ്പനികളെ ടെക്നോപാർക്കിലേക്കാകർഷിക്കാൻ അതിവിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരളത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ ഇൻവെസ്റ്റുമെന്റ് മീറ്റുകൾ സംഘടിപ്പിക്കുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ട്രേഡ് ഫെയറുകളിൽ ടെക്നോപാർക്ക് പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പത്രങ്ങളിലും മാസികകളിലും പരസ്യങ്ങൾ നൽകുകയും നേരിട്ടുള്ള കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

കിൻഫ്രായുടെ പ്രവർത്തനം

24 (2080)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയിൽ എത്ര സ്ഥിരം, ഡെയിലിവേജസ്, കോൺട്രാക്ട്, പാർട്ട്ടൈം ജീവനക്കാർ ഉണ്ടെന്നതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവിടെ ഡെപ്യൂട്ടേഷനിൽ എത്രപേർ ജോലി നോക്കുന്നുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) പുതുതായി എത്ര പ്രോജക്ടുകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇവയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ഇ) പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)തുടങ്ങിവച്ചവ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) എത്ര പ്രോജക്ടുകൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എച്ച്) തുടങ്ങിവച്ച പ്രോജക്ടുകൾ പൂർത്തിയാക്കാത്തതിനെക്കുറിച്ചും പുതിയ വർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും പ്ലാനിംഗ് ബോർഡ് എന്തെങ്കിലും നിർദ്ദേശം നൽകുക ഉണ്ടായോ;

(ഐ) വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരം - 9

കോൺട്രാക്ട് - 12

ഡെയിലിവേജസ്/പാർട്ട്- ടൈം ജീവനക്കാർ ഇല്ല.

(ബി) 1. മാനേജിംഗ് ഡയറക്ടർ - 1

2. മാനേജർ (ടെക്നിക്കൽ) - 1

3. അസിസ്റ്റന്റ് മാനേജർ (സിവിൽ) - 1

കിൻഫ്രയുടെ സബ്സിഡിയറി കമ്പനികളായ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (എം.ഡി.ഇൻ-ചാർജ്) - 1

കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് (എം.ഡി) - 1

LIBRARY ARCHIVES Kerala Legislative Assembly

(സി) <u>കിൻഫ്ര നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

1. കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്, തിരുവനന്തപുരം.

2. ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സെന്റർ, തുമ്പ, തിരുവനന്തപുരം.

3. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് - കൊച്ചി.

4. കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാഞ്ചേരി, മലപ്പുറം,

5. ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സെന്ററുകൾ.

1. മഴുവന്നൂർ - എറണാകുളം ജില്ല
2. ശീതഗോളി - കാസർഗോഡ് ജില്ല
3. തലശ്ശേരി - കണ്ണൂർ ജില്ല
4. വയനാട് - വയനാട് ജില്ല

6. ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം.

<u>കിൻഫ്ര പങ്കാളിയായുള്ള സംയുക്ത സംരംഭങ്ങൾ</u>

1. റബ്ബർ പാർക്ക് ഇന്ത്യ ലിമിറ്റഡ് എറണാകുളം ജില്ല.

2. മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ, അരൂർ, ആലപ്പുഴ.

3. ഐ-കിൻ

4. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് പാലക്കാട്.

കൂടാതെ ഇടുക്കി ജില്ലയിൽ ഒരു ഹെർബൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) ഹെർബൽ വില്ലേജ് ഇടുക്കി മാത്രമാണ് പുതിയ പദ്ധതി. ഇതിനെപ്പറ്റി സാദ്ധ്യതാ പഠനം ആരംഭിച്ചിട്ടേയുള്ളൂ.

(എഫ്) തിരുവനന്തപുരത്തുള്ള അപ്പാരൽ പാർക്ക് ചെറുകിടവ്യവസായ പാർക്ക് എന്നിവയുടെ ലാന്റ് ഡെവലപ്മെന്റ് പണികൾ പൂർത്തിയാക്കി. ഇവയിലേക്ക് വ്യവസായ ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കുന്നതിനുള്ള പണികളും, കിൻഫ്ര പൂർത്തിയാക്കി. കെ.എസ്.ഇ.ബി. പവർലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എറണാകുളത്ത് കാക്കനാട് എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രീയൽ പാർക്കിന്റെ ലാൻഡ് ഡെവലപ്മെന്റിന്റേയും റോഡിന്റേയും പണികൾ പൂർത്തിയായിട്ടുണ്ട്. പവർ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.ക്കുള്ള തുക കിൻഫ്ര അടച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.യെക്കൊണ്ട് എത്രയുംവേഗം പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറത്തെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ പവർ ലൈൻ എത്തിക്കുന്നതിനുള്ള നടപടികളും നടത്തുന്നു.

(ജി) തുമ്പയിലുള്ള അപ്പാരൽ പാർക്ക്, ചെറുകിട വ്യവസായ പാർക്ക്, എറണാകുളത്തെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാംചേരിയിലുള്ള കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയ പാർക്കുകളിൽ വ്യവസായികൾക്ക് പ്ലോട്ടുകൾ നൽകുന്നതിനുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഇവിടെ പ്ലോട്ടുകൾ നൽകുന്നതിനുള്ള പ്രക്രിയയും ആരംഭിച്ചു. തിരുവനന്തപുരത്തെ അപ്പാരൽ പാർക്കിൽ പ്ലോട്ടുകൾക്ക് പുറമെ റെഡിമെയ്ഡ് വ്യവസായങ്ങൾ തുടങ്ങുന്നതിന് മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവ വ്യവസായികൾക്ക് ഉടനെ നൽകുന്നതാണ്.

(എച്ച്) ഉണ്ട്.

(ഐ) വാർഷിക പദ്ധതി രൂപീകരണ വേളയിൽ നടപ്പു പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കി മാർക്കറ്റ് ചെയ്യണമെന്നും അതിനു ശേഷമേ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്നും പുതുയതായി സ്ഥലം ഏറ്റെടുക്കൽ പരിപാടികൾ നടപ്പാക്കേണ്ടെന്നും സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിരുന്നു. നടപ്പു പദ്ധതികൾ കൂടാതെ സർക്കാരിന്റെ പുതിയ വ്യവസായ നയം അനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഹെർബൽ പാർക്ക് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായുള്ള ഒരു മാസ്റ്റർ പ്ലാൻ രൂപീകരണം എന്നിവയല്ലാതെ പുതിയ പദ്ധതികളോ, ഭൂമി ഏറ്റെടുക്കൽ പരിപാടികളോ ഈ വർഷത്തേയ്ക്ക് വിഭാവന ചെയ്തിട്ടില്ല.

വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ

25 (2081)ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷന്റെ പ്രവർത്തനം എന്തൊക്കെയാണ്;

(ബി) ഈ കോർപ്പറേഷൻ ഇതുവരെ സംസ്ഥാനത്ത് എവിടെയെല്ലാം വ്യവസായ വികസന പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്;

(സി) പ്ലോട്ടുകളിൽ എത്ര വ്യവസായികൾ ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവയിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുകയാണ് ഈ കോർപ്പറേഷന്റെ ഉദ്ദേശ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly